**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **14-10-2024 - ൽ മറുപടിയ്ക്ക്**

**വയോജന സൗഹൃദ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന സൗഹൃദമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ? | (എ) | മെഡിക്കൽ കോളേജ് ആശുപത്രികളിൽ മുതിർന്ന പൗരൻമാർക്ക് പ്രത്യേകം ക്യൂ സജ്ജമാക്കിയിട്ടുണ്ട്. അവർക്ക് വേണ്ടി യൂറോപ്യൻ ശൗചാലയങ്ങളും പണിതിട്ടുണ്ട്. മുതിർന്ന പൗരൻമാർക്കുവേണ്ടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ലിഫ്റ്റ് സംവിധാനം, റാമ്പ് സംവിധാനം എന്നിവ ലഭ്യമാണ്. വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി വിശേഷാൽ ക്ലിനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, ജെറിയാട്രിക് ഒ.പി എന്നിവ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് കീഴിലെ വിവിധ മെഡിക്കൽ കോളേജുകളിലായി പ്രവർത്തിച്ചുവരുന്നു.<br><br>വയോജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി, ജെറിയാട്രിക് വാർഡുകൾ വിവിധ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. വയോജനങ്ങൾക്ക് പ്രത്യേകമായ ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് സൗജന്യമായി മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് കീഴിലെ പി എച്ച് സി കൾ മുഖേന നൽകി വരുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജെറിയാട്രിക് ഒ .പി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റീജിയണൽ ജെറിയാട്രിക് ഒ.പി പ്രവർത്തിക്കുന്നുണ്ട്. അവിടെ ജെറിയാട്രിക് രോഗികൾക്ക് മാത്രമായി 30 കിടക്കകൾ ഉള്ള വാർഡും ഫിസിയോതെറാപ്പി യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്. ഇവിടെ വയോജനങ്ങൾക്കുവേണ്ടിയുള്ള Tertiary care സംവിധാനവും ലഭ്യമാണ്. തിങ്കൾ മുതൽ ശനി വരെ ജെറിയാട്രിക് ഒപി പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററിൽ തിരുവനന്തപുരം ജില്ലയിലെ വയോജനങ്ങളുടെ ആരോഗ്യപ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ ആരോഗ്യ പ്രവർത്തകർക്കും പരിശീലനം നൽകുന്നുണ്ട്. എം ബി ബി എസ്. |

| | | | |
|---|---|---|---|
| | | | മെഡിസിൻ പി.ജി വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നുണ്ട്. പൊതുവായ ഹെൽപ് ഡെസ്ക് സംവിധാനമാണ് നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്നത്. വയോജനങ്ങൾക്ക് മാത്രമായി പ്രത്യേകം ഹെൽപ് ഡെസ്ക് ഇല്ല.<br><br>ജെറിയാട്രിക് മെഡിസിൻ മെഡിക്കൽ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെറിയാട്രിക് യൂണിറ്റ് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെറിയാട്രിക് ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിനായുള്ള സാധ്യത പരിശോധിച്ചുവരുന്നു. ആരോഗ്യ സേവന വകുപ്പിന്റെ കീഴിൽ വയോമിത്രം പദ്ധതി വഴി വയോജനങ്ങൾക്ക് സഞ്ചരിക്കുന്ന ഹെൽത്ത് ക്ലിനിക്കുകൾ വഴി ചികിത്സയും പരിചരണവും നൽകി വരുന്നുണ്ട്. ജെറിയാട്രിക് നഴ്സിംഗ് എന്ന പഠനവിഷയം ബി എസ് സി നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി എസ് സി നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ, എം എസ് എസ് നഴ്സിംഗ് എന്നിവയുടെ പാഠ്യപദ്ധതിയിൽ ഇപ്പോൾ തന്നെ നിലവിലുണ്ട്.<br><br>ആർദ്രം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന തിന്റെ ഭാഗമായി ആരോഗ്യ സേവന വകുപ്പിന്റെ കീഴിലെ ആശുപത്രികളെ രോഗീസൗഹൃദം ആക്കുന്നതിനും വയോജന സൗഹൃദം ആക്കുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്<br><br>മുതിർന്ന പൗരന്മാർക്കുള്ള അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുള്ള പ്രസ്തുത പദ്ധതിയിൽ റാമ്പുകൾ, റെയിലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, വയോജന സൗഹൃദ ഫർണിച്ചറുകൾ എന്നിവ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പദ്ധതിയിലൂടെ എൽഡർലി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ് എന്ന ശീർഷകത്തിൽ എല്ലാ വർഷവും നിശ്ചിത ആരോഗ്യ കേന്ദ്രങ്ങൾ വയോജന സൗഹൃദമാക്കുന്നതിന് ഫണ്ട് അനുവദിച്ച് വരുന്നു. വകുപ്പിന് കീഴിൽ പണികഴിപ്പിക്കുന്ന എല്ലാ കെട്ടിടങ്ങളിലും വയോജന സൗഹൃദ സംവിധാനങ്ങൾ ഉറപ്പാക്കി വരുന്നു. എല്ലാ ജില്ലകളിലും ഒരു പ്രധാന ആശുപത്രിയിൽ ജെറിയാട്രിക് ക്ലിനിക്കുകൾ, വാർഡ് ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ